# ‘കലാട്രസ്റ്റ്’ വിദ്യാഭ്യാസ എൻഡോവ്മെൻറിന് അപേക്ഷകൾ ക്ഷണിച്ചു

കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ (കല,കുവൈറ്റ്) ൻെറ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന കുവൈറ്റ് കലാട്രസറ്റ് ഏർപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ എൻഡോവ്മെൻറിന് ‘കലാട്രസ്റ്റ്’ അപേക്ഷകൾ ക്ഷണിച്ചു. കേരളത്തിലെ സ്കൂളുകളിൽ നിന്ന് മലയാളം മീഡിയത്തിൽ പഠിച്ച് പത്താംതരത്തിൽ ഉയർന്ന വിജയം നേടുന്ന നിർധനരായ കുട്ടികളുടെ ഉപരിപഠനത്തിന് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഏർപ്പെടുത്തിയിട്ടുള്ളതാണ് വിദ്യാഭ്യാസ എൻഡോവ്മെൻറിൻെറ്. 2009 വർഷത്തെ വിദ്യാഭ്യാസ എൻഡോവ്മെൻറിനള്ള അപേക്ഷകൾ ട്രസ്റ്റ് സ്വീകരിച്ചു തുടങ്ങി.. കേരളത്തിലെ ഓരോ ജില്ലകളിൽനിന്നും തെരെഞ്ഞെടുക്കപ്പെടുന്ന രണ്ട് വീതം വിദ്യാർത്ഥികൾക്കാണ് കഴിഞ്ഞ എട്ട് വർഷമായി എൻഡോവ്മെൻറ് നൽകി വരുന്നത്. സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ ജൂലൈ 15ന് മുമ്പ് സ്കൂൾ അധികാരികൾ സാക്ഷ്യപ്പെടുത്തിയ മാർക്ക്ലിസ്റ്റ്, തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം പി.കരുണാകരൻ എം.പി ചെയർമാൻ, കലാട്രസ്റ്റ്, ഏ.കെ.ജി. സെൻറർ തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

എൻഡോവ്മെൻറ് തുക നിലവിലുണ്ടായിരുന്ന 3000 രുപയിൽ നിന്നും 5,000 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്രകമ്മറ്റി യോഗം തീരുമാനിച്ചു. കലാസെൻററിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് ജി.കോയിക്കലേത്ത് അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി ടി.വി.ഹിക്മത്ത് പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു.

വിശ്വസ്തതയോടെ,

ടി. വി. ഹിക്മത്ത്
ജനറൽ സെക്രട്ടറി
കല കുവൈറ്റ്

Mob 67765810